പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷനുവേണ്ടി ചെലവാക്കിയ സംഖ്യ

27 [31] ശ്രീ. കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള പട്ടികജാതി–പട്ടിക വർഗ്ഗ വികസന കോർപ്പറേഷനുവേണ്ടി 1982–83, 1983–84, 1984–85, 1985–86 എന്നീ ഓരോ വർഷത്തിലും നീക്കിവച്ച സംഖ്യ എത്രവീതം; ചെലവാക്കിയ സംഖ്യ എത്രവീതം?

ഉത്തരം

1982–83, 1983–84, 1984–85, 1985–86 സാമ്പത്തിക വർഷങ്ങളിൽ കേരള സംസ്ഥാന പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷന് മൂലധന നിക്ഷേപത്തിലേക്ക് കിട്ടിയ സഹായം ഉൾപ്പെടെ ലഭിച്ച് സർക്കാർ അനുവദിച്ച തുകയും ആ വർഷങ്ങളിൽ ചെലവാക്കിയ തുകയും താഴെ ചേർക്കുന്നു.

വർഷം	ലഭിച്ചതുക	ചെലവ്
	(രൂപ ലക്ഷത്തിൽ)	
1982–83	262.31	221.39
1983–84	388.31	232.59
1984–85	255.72	459.69
1985–86	287.22	353.11

ഹരിജനങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ലോൺ

28 [32] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 15,000 രൂപ ലോൺ ലഭിക്കുവാൻ വേണ്ടി ബന്ധപ്പെട്ട ഹരിജൻ ഡവലപ്പ്മെന്റ് ആഫീസുകളിൽ ലഭിച്ചിട്ടുള്ള ആകെ അപേക്ഷകൾ എത്രയാണ്;

(ബി) എത്ര അപേക്ഷകർക്ക് ഇതിനകം ലോൺ കൊടുത്തിട്ടുണ്ട്;

(സി) തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയാണെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹരിജനങ്ങൾക്കു ഭൂമി വാങ്ങുന്നതിനു ലോൺ നൽകുന്ന പദ്ധതിയൊന്നും പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്നില്ല. പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് കൃഷിഭൂമി വാങ്ങുന്നതിന് 15,000 രൂപ വരെ വായ്പ നൽകുന്നുണ്ട്. ഈ വായ്പക്കുവേണ്ടി കോർപ്പറേഷന്റെ ആറു റീജിയണൽ ഓഫീസുകളിലുമായി മൊത്തം 8202 അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്.

(ബി) 6004

(സി) 2198

LIBRARY ARCHIVES Kerala Legislative Assembly